

# വികാരിയിൽ നിന്ന് ...

28-07-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

സഭയുടെ പഞ്ചാംഗം അനുസരിച്ച് ആഗസ്റ്റ് ഒന്ന് മുതൽ പതിനഞ്ച് വരെ (1–15) പതിനഞ്ച് നോമ്പ് ആണ്. ഈ നോമ്പ് സഭയിൽ കന്യകമറിയത്തിന്റെ നോമ്പ്, ശൂനോയോ നോമ്പ് എന്നീ പേരുകളിൽ അറിയപ്പെടുന്നു. പൗരസ്ത്യസഭകൾ പ്രധാനമായും കന്യകമറിയത്തിന്റെ സ്മരണ നിലനിർത്തുന്ന വാങ്ങിപ്പോക്ക് (Assumption) സംഭവമാണ് ഓർക്കുന്നത്. എന്നാൽ മാർത്തോമ്മാ സുറിയാനി സഭ യേശുക്രിസ്തുവിന്റെ തേജസ്ക്കരണം (മറുരൂപ പെരുനാൾ), സഭയുടെ വിളിയും, നിയോഗവും, പ്രേഷിതവൃത്തി ഇവ ധ്യാനിക്കുന്നു. ഈ നോമ്പിന്റെ മാർത്തോമ്മാ സഭാ ചരിത്രത്തിലെ പ്രസക്തി വളരെ ശ്രദ്ധേയമാണ്. ക്രിസ്തുവർഷം 1836 ചിങ്ങം പതിനഞ്ചിന് അനുഷ്ഠിച്ച നോമ്പ് വീടൽ കുർബ്ബാനയിൽ – വിശുദ്ധ യാക്കോബിന്റെ തക്സാ അനുസരിച്ച് – പാലകുന്നത്ത് ഏബ്രഹാം മല്പ്പാൻ അച്ചൻ കുർബ്ബാന മദ്ധ്യേയുള്ള പരസ്യാരാധനയുടെ ഭാഗമായ പ്രേമ്യേനും, സെദറായും മലയാളത്തിൽ പരിഭാഷപ്പെടുത്തി മലങ്കര സഭയിലെ നവീകരണത്തിന് തുടക്കം കുറിച്ചു. ആ നവീകരണത്തിന്റെ തുടർച്ചയായിട്ടാണ് മാർത്തോമ്മാ സഭ രൂപംകൊണ്ടത്. ആ നവീകരണ പ്രക്രിയ നിലച്ചുപോകാതെ അനസ്യൂതം തുടരുമ്പോഴെ സഭയ്ക്ക് പ്രസക്തിയുള്ളു. കാലഘട്ടത്തിന്റെ വെല്ലുവിളി ഏറ്റെടുത്ത് സഭയെ സജ്ജമാക്കുവാൻ പരിശുദ്ധാത്മാവിന് വിധേയപ്പെട്ട് കർമ്മനിരതരാകുവാൻ നമ്മുക്ക് ഓരോരുത്തർക്കും സാധിക്കണം. അപ്പോൾ മാത്രമേ ദൈവരാജ്യം ഒരു യാഥാർത്ഥ്യമായി ലോകത്തിന് അനുഭവവേദ്യമാവുകയുള്ളു.

വർഷങ്ങൾ കഴിയുന്തോറും കാലാവസ്ഥ പ്രവചിക്കുവാൻ കഴിയാതെവണ്ണം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. ഭൂമിയിൽ എല്ലായിടത്തും ചൂട് ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നു. മഴക്കാലത്തു പോലും കിണറുകളിൽ വെള്ളം ഇല്ലാത്ത ദുരവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. സൃഷ്ടി സൃഷ്ടാവിനോട് മറുതലിച്ച് സ്വാർത്ഥതയ്ക്ക് വേണ്ടി ഈ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെ തിരിച്ചടിയാണ് ഓരോ ദിവസവും നാം നേരിട്ടുകൊണ്ടിരിക്കുന്നത്. പ്രകൃതിയെ സംരക്ഷിക്കുകയും, സ്നേഹിക്കുകയും, പരിപാലിക്കുകയും ചെയ്യുവാൻ നമുക്ക് ഏവർക്കും കടമയുണ്ട്. ഈ ഭൂമി നമുക്ക് മാത്രമുള്ളതല്ല, മറിച്ച് വരും തലമുറയും, സകല ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. ആയതിനാൽ സ്വാർത്ഥതയും ചൂഷണവും വെടിഞ്ഞ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ നമ്മളാൽ ആവുംവിധം പങ്കാളികളാകുവാൻ പരിശ്രമിക്കാം.

വിശുദ്ധനായ പത്രോസ് അപ്പോസ്തലൻ ഇപ്രകാരം പറയുന്നു, "അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ". (2 പത്രൊ. 1:10) സമൂഹം ഭ്രഷ്ട് കല്പിച്ച് അകറ്റി നിർത്തിയിരുന്ന ചുങ്കക്കാരൻ മത്തായിയെ യേശുക്രിസ്തു ശ്രേഷ്ഠമായ അപ്പോസ്തല പദവിയിലേക്ക് വിളിച്ചാക്കുന്നു. യെഹൂദന്മാർ വെറുക്കുന്ന റോമൻ ആധിപത്യത്തിൻ കീഴിലുള്ള ചുങ്കം പിരിവുകാരൻ ശിഷ്യത്വത്തിന്റെ ഔന്നത്യത്തിലെത്താൻ യേശു വഴി ഒരുക്കുന്നു. യേശു അവന് ലേവി എന്ന പേരിനു പകരം മത്തായി എന്ന നാമം നൽകി. ആ പേരിന്റെ അർത്ഥം 'ദൈവത്തിന്റെ ദാനം' (Gift of God). ദൈവം അവനെ മുന്നമേ കണ്ട് എന്തായിത്തീരണം എന്ന് നിശ്ചയിച്ചിരുന്നു. പ്രവചന നിവൃത്തിയായി 'മശ്ശിഹാ' യേശുക്രിസ്തു തന്നെയാണെന്ന് തന്റെ സുവിശേഷത്തിലൂടെ മത്തായി വെളിപ്പെടുത്തുന്നു.

മത്തായി യേശുവിന്റെ "എന്നെ അനുഗമിക്കുക" എന്ന ആഹ്വാനം കേട്ട് "അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു" (മത്തായി 9:9) എന്നത് മഹത്തരമാണ്. ലൂക്കോസ് 5:29 ഇങ്ങനെ പറയുന്നു "അവൻ സകലവും വിട്ട് എഴുന്നേറ്റ് അവനെ അനുഗമിച്ചു". റോമൻ ഗവൺ മെൻറിനോടുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ടാണ് യേശുവിന്റെ വിളി കേട്ട് ഇറങ്ങിത്തിരിച്ചത്. വളരെ ആകർഷകവും ആദായകരവുമായ ധനാഗമനമാർഗ്ഗം വലിച്ചെറിഞ്ഞാണ് യേശുക്രിസ്തുവിന്റെ ശിഷ്യത്വം സ്വീകരിച്ചത്. ലേവിയുടെ കഴിഞ്ഞകാല ജീവിതവും അതിലെ വൈകൃതങ്ങളും എല്ലാം യേശുവിന് അറിയാമായിരുന്നു. എന്നാൽ അവന്റെ ഉള്ളിലെ പുറത്തുവരാനുള്ള നന്മയും രൂപാന്തരവും യേശു മുൻകൂട്ടി കണ്ടിട്ടാവണം അവനെ കൂടെ കൂട്ടിയത്. കർത്താവ് നമ്മെ ഓരോരുത്തരേയും വിളിക്കുന്നു. നമ്മുടെ കഴിഞ്ഞകാല ജീവിതവും വീഴ്ച്ചകളും പരാജയങ്ങളും എല്ലാം നന്നായിട്ട് അറിയാവുന്നവനാണ് നമ്മുടെ കർത്താവ്. തള്ളപ്പെട്ടവരേയും തഴയപ്പെട്ടവരേയും പരാജയപ്പെട്ടവരേയും സമൂഹം ഭ്രഷ്ട് കല്പ്പിച്ചവരേയും പാപികളെന്ന് മുദ്ര കുത്തിയവരേയും ഹൃദയപൂർവ്വം സ്വീകരിച്ച് ചേർത്തണച്ചവനാണ് യേശുകർത്താവ്.

യേശുവിന്റെ സ്നേഹം സാധ്യതകളെ തിരിച്ചറിയുന്നു. നാം എന്തായിരിക്കുന്നു എന്നല്ല എന്തായിത്തീരും എന്നതാണ് യേശു പരിഗണിക്കുന്നത്. അവനിലുള്ള വലിയ സാദ്ധ്യതകളും കഴിവുകളും യേശു കണ്ടെത്തി, യേശു നമ്മെ നോക്കുമ്പോൾ നമ്മെ ആരാക്കിത്തീർക്കാമെന്നുള്ള വലിയ സാദ്ധ്യതയാണ് കാണുന്നത്. കർത്താവിന്റെ സ്നേഹാദ്രമായ ഹൃദയത്തിന്റെ വിളിയുടെ മുമ്പിൽ തൽക്ഷണം സകലതും ഉപേക്ഷിച്ച് യേശുവിനെ പിൻപറ്റിയ മത്തായിയെപ്പോലെ നാമും നമ്മുടെ വിളിയും നിയോഗവും ഗൗരവമായി ഏറ്റെടുക്കണം. നമ്മുടെ പ്രതികരണം വളരെ പ്രധാനമാണ്. ദൈവരാജ്യ ശുശ്രൂഷയിൽ നമുക്കും പങ്കുകാരാവാൻ നമ്മെതന്നെ സമർപ്പിക്കാം. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com